

• കവർസ്റ്റോറി

# മാതൃകാ വ്യക്തിത്വം

## എം.വി മുഹമ്മദ് സലീം

**നീണ്ട** നാൽപത്തിയാറു വർഷത്തെ ബന്ധം! അടുത്താണെങ്കിലും അകലെയാണെങ്കിലും അറ്റുപോകാതെ കാത്തുസൂക്ഷിച്ച ബന്ധം! മനസ്സിന്റെ ഉള്ളറകളിൽ ഒട്ടേറെ ഓർമകൾ! പിതൃതുല്യനായി പകരം നൽകാനാവാത്ത അനുഗ്രഹങ്ങൾ ചൊരിഞ്ഞ വാത്സല്യനിധിയായ ഗുരുനാഥൻ. ശിഷ്യന്മാരുടെ ഗുണങ്ങൾ എണ്ണിപ്പറഞ്ഞ് ജനമനസ്സിൽ സ്ഥാനം നേടിത്തരാൻ ഒരവസരവും പാഴാക്കാത്ത ഉദാരമനസ്കൻ. ശിക്ഷിച്ചതും ശാസിച്ചതും ശിഷ്യന്റെ വളർച്ച മാത്രം ലക്ഷ്യമാക്കിയെന്ന് ആണയിട്ടുപറയാൻ കഴിഞ്ഞ ശിക്ഷകൻ. ശിഷ്യന്മാരെ അർഹിക്കുന്നതിലേറെ ആദരിക്കുകയും, അഭിപ്രായങ്ങളാരാഞ്ഞും വിശദീകരണങ്ങൾ തേടിയും ആത്മവിശ്വാസം വർധിപ്പിക്കുകയും ചെയ്ത മാതൃകാ ഗുരുനാഥൻ. വെളിച്ചമായി, മാർഗദർശിയായി ജീവിത നഭസ്സിൽ വെട്ടിത്തിളങ്ങിയ വ്യക്തിത്വം...... ഒരു ലേഖനത്തിന്നപ്രാപ്യമായ ബഹുമുഖ വ്യക്തിത്വവും സൽഗുണങ്ങളും സമ്മേളിച്ച മുഹമ്മദ് അബുൽ ജലാലിനെക്കുറിച്ച് മനസ്സിലൂറിവന്ന ചില ചിതറിയ ചിന്തകൾ.

### ആദ്യ സംഗമം

ഞാൻ ഇസ്‌ലാമിക വിദ്യാഭ്യാസം ഔപചാരികമായി ആരംഭിച്ചത് പുളിക്കൽ മദീനത്തുൽ ഉലൂം അറബിക്കോളേജിൽ നിന്നായിരുന്നു. 1958-ൽ എസ്.എസ്.എൽ.സി പാസ്സായപ്പോൾ ജ്യേഷ്ഠസഹോദരന്റെ നിർദേശമനുസരിച്ച് മദീനത്തുൽ ഉലൂമിൽ ചേർന്നു. പിതൃതുല്യമായ പെരുമാറ്റമാണ് അവിടെ ഗുരുനാഥന്മാരിൽനിന്ന് ലഭിച്ചത്. ഇസ്‌ലാമിക വിദ്യാഭ്യാസത്തോട് ആർത്തിയുണ്ടാക്കാൻ അവരുടെ ശിക്ഷണം സഹായകമായി. രണ്ടു വർഷം കഴിയുമ്പോഴേക്ക് ജ്യേഷ്ഠൻ ഒരു പുതിയ ആശയം മുന്നോട്ടുവെച്ചു. തുടർന്നുള്ള പഠനം ശാന്തപുരം ഇസ്‌ലാമിയാ കോളേജിലാവാം. മർഹൂം കെ. മൊയ്തു മൗലവിയുടെ ശിപാർശയോടെ ശാന്തപുരത്ത് ഒരു സീറ്റ് ലഭിച്ചു.

ഒരു നീണ്ട ഹാളിൽ ആരംഭിച്ച അൽ മദ്റസത്തുൽ ഇസ്‌ലാമിയ്യ കോളേജായി ഉയർത്തിയത് 1955-ൽ. ആദ്യത്തെ ഹാളിന് തൊട്ടു കുറുകെ മറ്റൊരു കൊച്ചു കെട്ടിടം പണിത് കോളേജിന്റെ പേര് അറബിയിലും മലയാളത്തിലും ഭംഗിയായി എഴുതിയ ബോർഡ് അതിന്മേൽ തൂക്കിയിരിക്കുന്നു. മദീനത്തുൽ ഉലൂമിന്റെ അന്നത്തെ പലതായി പകുത്ത ഹാളിനേക്കാൾ അൽപം മെച്ചമാണ് കെട്ടിടമെന്ന് പ്രഥമദൃഷ്ടിയിൽ തോന്നി. ആ കെട്ടിടത്തിന്റെ ഒരു മുറിയിൽ വെച്ചാണ് ആദ്യമായി വന്ദ്യഗുരു മുഹമ്മദ് അബുൽ ജലാലുമായി സന്ധിക്കുന്നത്. കോളേജിൽ പ്രവേശനത്തിനുള്ള അഭിമുഖം നടത്താൻ പ്രിൻസിപ്പലായ മൗലവിയാണ് നേതൃത്വം നൽകിയിരുന്നത്. ഈ സംഗമം ജീവിതത്തിലെ ഒരു വഴിത്തിരിവാണെന്ന് അന്നോർത്തില്ല. ആത്മീയവും ഭൗതികവുമായ ഉന്നമനത്തിലേക്കുള്ള ആദ്യപടിയാണ് ചവിട്ടിക്കയറുന്നതെന്ന് അന്നറിയില്ലായിരുന്നു.

അറബിഭാഷാജ്ഞാനവും വ്യാകരണത്തിലുള്ള അവഗാഹവും ഊന്നിയുള്ള ലളിതമായ ഒരു പരിശോധനയായിരുന്നു അഭിമുഖത്തിൽ. ഉത്തരം പറയുമ്പോൾ ചില സാങ്കേതികപദങ്ങൾ സ്ഥാനം തെറ്റി പ്രയോഗിച്ചത് മൗലവി തിരുത്തിത്തന്നു. കോളേജിൽ അന്ന് 8 ക്ലാസ്സുകളാണുണ്ടായിരുന്നത്. അതിൽ ആറാം ക്ലാസ്സിലിരുന്ന് പഠിക്കാൻ എനിക്ക് നിർദേശം കിട്ടി.

വിദ്യാർഥികളും അധ്യാപകരും ഒരു നവോന്മേഷത്തോടെ എല്ലാ മേഖലകളിലും സജീവമായിരുന്നു. ഗൗരവം സ്ഫുരിക്കുന്ന മുഖവുമായി പ്രിൻസിപ്പൽ അതിവേഗം നടന്നുനീങ്ങുന്നത് ദൃഷ്ടിയിൽപെട്ടാൽ, ഇടവേളയിൽ വരാന്തയിലിറങ്ങിയ വിദ്യാർഥികൾ അതിവേഗം ക്ലാസ്സുകളിലേക്ക് ഉൾവലിയുന്ന ദൃശ്യം മനസ്സിൽ മായാതെ നിൽക്കുന്നു.

പ്രിൻസിപ്പൽ ഞങ്ങൾക്ക് ക്ലാസ്സെടുത്തിരുന്നില്ല. ഏഴും എട്ടും ക്ലാസ്സുകളിൽ ചില വിഷയങ്ങൾ പഠിപ്പിച്ചിരുന്നു. എന്നാൽ കോളേജിലെ ഓരോ വിദ്യാർഥിയെക്കുറിച്ചും അദ്ദേഹത്തിനു നന്നായറിയാമായിരുന്നു.

സ്കൂളിൽ നാലാം ക്ലാസ്സിൽ പഠിക്കുമ്പോൾ സാഹിത്യസമാജത്തിന്റെ സെക്രട്ടറിയായി നിയമിക്കപ്പെട്ടത് സഭാകമ്പമില്ലാതെ ഏതു സദസ്സിനെയും അഭിമുഖീകരിക്കാനുള്ള കഴിവ് നേടിത്തന്നിരുന്നു. ഇതൊന്നും ആരെയും അറിയിച്ചിരുന്നില്ല. ഒരു ദിവസം വൈകുന്നേരം മൗലവി എന്നെ ഓഫീസിലേക്ക് വിളിപ്പിച്ചു. 'ഇശാ നമസ്കാര ശേഷം ഒരാൾ വരും. അയാളുടെ കൂടെ പോയി ഒരു നികാഹ് നടത്തിക്കൊടുക്കണം'- അദ്ദേഹം കൽപിച്ചു. ഞാൻ അന്തംവിട്ടു

നിൽക്കുന്നതു കണ്ട് നികാഹിന്റെ ഖുത്ബയിൽ ഉൾക്കൊള്ളിക്കേണ്ട സൂക്തങ്ങളും ഹദീസുകളും അനുസ്മരിപ്പിച്ചു.

ഞാനന്നു ചെയ്ത ഖുത്ബയെക്കുറിച്ച് ചിലരോടഭിപ്രായമാരായുകയും നന്നായി എന്ന് എന്നോട് പിന്നീട് പറയുകയും ചെയ്തു. ഇങ്ങനെയാണ് മൗലവി ശിഷ്യന്മാരെ വളർത്തിയത്.

ശാന്തപുരം മഹല്ലിന്റെ സംസ്കരണരംഗത്ത് അബുൽ ജലാൽ മൗലവിയുടെ സജീവ സാന്നിധ്യമുണ്ടായിരുന്നു. ജുമുഅ ഖുത്ബയിലൂടെ മഹല്ല് സംസ്കരിക്കുന്നതിന് ഉത്തമ മാതൃകയായിരുന്നു അദ്ദേഹം കാഴ്ചവെച്ചത്. ഞങ്ങൾ വിദ്യാർഥികൾ ആവേശത്തോടെ ഓർക്കുന്ന ഒരു സംഭവമായിരുന്നു 1961 -ലെ ശാന്തപുരം കോളേജ് വാർഷികം. കേരളത്തിന്റെ നാനാ ഭാഗത്തുനിന്നും ഇസ്‌ലാമിക പ്രവർത്തകർ പങ്കെടുത്ത ഒരു മഹാസമ്മേളനമായിരുന്നു അത്. സമ്മേളനം നടത്താൻ കോളേജിന് അങ്കണമില്ല. എല്ലാം കൽവെട്ടിക്കുഴികൾ. കഷ്ടിച്ച് നടക്കാനുള്ള വഴിയേ ചില ഭാഗങ്ങളിലുള്ളൂ. വാർഷികം ഒരു മഹാസമ്മേളനമാക്കണം. കോളേജങ്കണം വിശാലമാക്കണം- വെള്ളിയാഴ്ച മൗലവി ഖുത്ബയിൽ നാട്ടുകാരോടാഹ്വാനം ചെയ്തു. ശനിയാഴ്ച രാവിലെ പണിയായുധങ്ങളുമായി മഹല്ല് നിവാസികളുടെ പ്രവാഹം. ഉച്ചയാകും മുമ്പ് കൽവെട്ടിക്കുഴികൾ അപ്രത്യക്ഷമായി. നിരന്ന ചതുരത്തിലുള്ള വിശാലമായ കോളേജങ്കണം!

അന്ന് അറബിഭാഷ തെറ്റുകൂടാതെ സംസാരിക്കുന്ന ധാരാളം പേരുണ്ടായിരുന്നു കേരളത്തിൽ. എന്നാൽ അറബികളുടെ ശൈലിയിൽ അറബിഭാഷ സംസാരിക്കുന്നവർ വിരളമായിരുന്നു. മർഹൂം അബുസ്സ്വബാഹ് മൗലവിയുടെ ശിഷ്യത്വത്തിലൂടെ അബുൽ ജലാൽ മൗലവി അറബിഭാഷണ ശൈലി സ്വന്തമാക്കി. ഈ ശൈലിയുടെ ഉത്ഭവമോ ആധികാരികതയോ ഞങ്ങൾക്കറിയില്ലായിരുന്നു. ആകർഷകമായി തോന്നിയതിനാൽ ചിലർ അതനുകരിച്ചു. അറബിസാഹിത്യ സമാജങ്ങളിൽ അധ്യക്ഷസ്ഥാനമലങ്കരിച്ച് മൗലവി സംസാരിക്കുന്നതും പ്രഭാഷണം നടത്തുന്നതും ഉയർന്ന നിലവാരം പുലർത്തിയിരുന്നു. ഈ ശൈലി അനുകരിക്കാനുള്ള ശ്രമം വിജയം കണ്ടെത്തിയെന്ന് എനിക്ക് ബോധ്യമായത് 1961-ലെ വാർഷികാഘോഷത്തോടനുബന്ധിച്ച് നടന്ന അറബി പ്രസംഗമത്സരത്തിൽ കോളേജിൽ ഒന്നാമനായി തെരഞ്ഞെടുക്കപ്പെട്ടപ്പോഴാണ്. പിൽക്കാലത്ത് അറേബ്യൻ ഗൾഫിൽ അറബി സംസാരിക്കുന്നതിന് ലഭിച്ച സ്വീകാര്യതയും പ്രശംസകളും, അഖിലേന്ത്യാ അമീറിന്റെ ദ്വിഭാഷിയാകാൻ ഭാഗ്യം ലഭിച്ചതും ഈ ഗുരുഭൂതരുടെ ശിക്ഷണത്തിലൂടെ വളർന്നുവന്ന വാസനയിലൂടെയായിരുന്നു. മൗലവിയെ അടുത്തറിഞ്ഞ അറബിപണ്ഡിതന്മാർ അദ്ദേഹത്തിന്റെ ഭാഷാ നൈപുണ്യം എടുത്തുപറയുമായിരുന്നു. എന്റെ സംസാരത്തിന് ഈജിപ്ഷ്യൻ ശൈലിയാണുള്ളതെന്ന് ഗൾഫിലെ സുഹൃത്തുക്കൾ വിലയിരുത്തുമ്പോൾ ഈജിപ്തുകാരായ ഗുരുനാഥന്മാരെയാണ് ആദ്യം ഓർത്തത്. എന്നാൽ അസ്ഹറിൽ പഠിച്ചുവന്ന അബുസ്സ്വബാഹിന്റെ ശൈലി അബുൽ ജലാൽ മൗലവിയിലൂടെ ഞങ്ങൾക്ക് ലഭിച്ചതാണ് ഈ ശൈലീബന്ധത്തിന്റെ യഥാർഥ ഉറവിടം.

1961-ലെ വാർഷികയോഗത്തിന് തയാറെടുക്കുമ്പോൾ പഠനാർഹമായ അനേകം അനുഭവങ്ങളുണ്ടായിരുന്നു. കോളേജിലെ അന്നത്തെ ആസ്ഥാനകവി കെ.എം ഹനീഫും ഗാനരചയിതാക്കളുടെ നിരയിലേക്ക് കഠിനാധ്വാനം ചെയ്ത് കയറിപ്പറ്റിയ ഈയുള്ളവനും തമ്മിൽ ഗാനരചനയിൽ മത്സരിച്ചു. സഹോദരൻ ഹനീഫിന് ഗാനമെഴുതാൻ എളുപ്പമാണ്. പക്ഷേ, പാടാൻ കഴിയില്ല. അദ്ദേഹം രചിച്ച ഒരു ഗാനമാലപിക്കാൻ അദ്ദേഹം എന്നെ നിർബന്ധിച്ചു. വേറെയും ധാരാളം ഗാനങ്ങളുണ്ടായിരുന്നു. അതിനാൽ ഞാൻ നിർബന്ധത്തിന് വഴങ്ങിയില്ല. മൗലവിയുടെ മുമ്പിൽ ഹനീഫ് സങ്കടവുമായെത്തി. മൗലവി എന്നെ വിളിപ്പിച്ചു. വിചാരണ നടത്തിയില്ല; ഒരുപദേശം നൽകി. നമ്മുടെ കഴിവുകൾ ദൈവികവരമാണ്. ദൈവപ്രീതിക്കുവേണ്ടി ഉപയോഗിക്കേണ്ടതാണ്. അതിൽ തെറ്റായ ചിന്തകൾ കയറിക്കൂടാൻ അനുവദിക്കരുത്. അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ ഏതു സമയവും നമുക്ക് നഷ്ടപ്പെടാം! മനസ്സിന്റെ അടിത്തട്ടിൽ പതിഞ്ഞ ആ തത്ത്വം പിന്നീട് പലരോടും ഞാനാവർത്തിച്ചിട്ടുണ്ട്. ഒരു ശാസനയിലൂടെ അന്ന് എന്നെ നിർബന്ധിക്കാൻ മൗലവിക്ക് പ്രയാസമുണ്ടായിരുന്നില്ല. എന്നാൽ മനസ്സാക്ഷിയെ തട്ടിയുണർത്തുന്ന ലളിതമായ ശൈലിയിൽ തെറ്റുകൾ തിരുത്തുമ്പോൾ സ്ഥായിയായ മാറ്റത്തിന് അത് വഴിതെളിക്കുന്നു.

ധാരാളം വിഷയങ്ങൾ പഠിപ്പിച്ച അധ്യാപകർക്ക് നേടാനാവാത്ത ബഹുമാനാദരവ് അബുൽ ജലാൽ മൗലവി നേടിയെടുത്തത് ഈ ശൈലിയിലൂടെയാണ്. പ്രഗത്ഭരായ പ്രവർത്തകരെ വളർത്തിയെടുക്കാൻ അനർഘമായ കഴിവുണ്ടായിരുന്നു അദ്ദേഹത്തിന്. സാമ്പത്തികമായി കാര്യമായ കൈമുതലില്ലാതെയാണ് ഇസ്‌ലാമിക പ്രസ്ഥാനം വിദ്യാഭ്യാസമേഖലയിലേക്ക് കാലെടുത്തുവെച്ചത്. ശാന്തപുരം കോളേജിന്റെ വാർഷിക റിപ്പോർട്ടുകൾ മനസ്സിൽ മായാതെ കിടക്കുന്നു. അതിൽ അധിക പേജുകളിലും 'ഒരുറുപ്പിക' സംഭാവന ചെയ്തവരുടെ പേരുവിവരമാണുണ്ടാവുക. ഇന്ത്യയുടെ പല ഭാഗങ്ങളിലും പോയി സംഭാവന പിരിക്കുന്ന 'റസീവർമാ'രുണ്ടായിരുന്നു അന്ന് കോളേജിന്. പക്ഷേ, വരവ് മതിയാകാതെ വന്നു. ചെലവ് ദിനേനയെന്നോണം വർധിച്ചു. ഈ അവസ്ഥ തുടർന്നാൽ സ്ഥാപനം അടച്ചുപൂട്ടേണ്ടിവരുമെന്ന ആശങ്കയിലായി. കടം താങ്ങാവുന്നതിനപ്പുറമായി. വാർഷികപിരിവ് കടം വീട്ടാൻ തികയാതെയായി.

### സാഹസികമായ കാൽവെപ്പ്

അബുൽ ജലാൽ മൗലവി അതിസാഹസികമായ ഒരു കാൽവെപ്പിന് തയാറായി. ഖത്തറിലും കുവൈത്തിലുമുള്ള ശിഷ്യന്മാർക്ക് കത്തെഴുതി. സ്ഥാപനത്തിനു വേണ്ടി ഒരു ഗൾഫ്‌യാത്ര നടത്തി. മാസങ്ങൾ ഗൾഫിൽ കഴിച്ചുകൂട്ടി. ഇസ്‌ലാമിക പ്രസ്ഥാനത്തിന് ഒരു പുതിയ കവാടം തുറന്ന മഹാസംഭവമായിരുന്നു ഈ സാഹസികയാത്ര. ആഗോള ഇസ്‌ലാമിക പ്രസ്ഥാനങ്ങളുടെ നേതാക്കളുമായി സന്ധിക്കാനും ഇന്ത്യയിലെ പ്രസ്ഥാന പ്രവർത്തനങ്ങൾ പരിചയപ്പെടുത്താനും അവസരം ലഭിച്ചു. അബുൽ ജലാൽ മൗലവിയുടെ ഈ യാത്രയിലൂടെ അറബ്‌ലോകത്തുള്ള ഇഖ്‌വാൻ പണ്ഡിതന്മാർക്ക് ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമിയെക്കുറിച്ച് അവാച്യമായ മതിപ്പുളവായി.

ഈ യാത്രയിലൂടെ നേടിയെടുത്ത ബന്ധങ്ങൾ ഇസ്‌ലാമിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വളർച്ചക്ക് എങ്ങനെ ഉപയോഗപ്പെടുത്താമെന്നതാണ് മൗലവി ചിന്താവിഷയമാക്കിയത്. ഖത്തറിലേക്ക് അഞ്ചു വിദ്യാർഥികളെ അയക്കാനുള്ള അനുവാദവുമായാണ് മൗലവി തിരിച്ചെത്തിയത്. 1971-ൽ ശാന്തപുരം സന്തതികളിൽ ആദ്യ ബാച്ചായി ഞങ്ങൾ അഞ്ചുപേർ ഖത്തറിലെത്തി. അവിടത്തെ ഉന്നത ശീർഷരായ ഗുരുനാഥന്മാരുടെ ശിഷ്യത്വം നേടാൻ ഞങ്ങൾക്ക് കിട്ടിയ അസുലഭ സന്ദർഭമായിരുന്നു അത്. മുസ്‌ലിംലോകത്തെ ജീവിച്ചിരിക്കുന്ന ഏറ്റവും പ്രഗത്ഭനായ പണ്ഡിതൻ ഡോ. യൂസുഫുൽ ഖറദാവിയായിരുന്നു അവരുടെ മുൻപന്തിയിൽ. വിദ്യാഭ്യാസ മന്ത്രാലയത്തിൽ മതവിദ്യാഭ്യാസ വിഭാഗം തലവനായിരുന്ന ശൈഖ് അബ്ദുൽ മുഇസ്സ് അബ്ദുസ്സത്താറായിരുന്നു മറ്റൊരു പ്രധാന ഗുരുവര്യൻ. അവസരം കിട്ടുമ്പോഴെല്ലാം അദ്ദേഹം ഞങ്ങളെ

പ്രോത്സാഹിപ്പിക്കുക പതിവായിരുന്നു. മുൻ അഖിലേന്ത്യാ അമീർ മർഹൂം മുഹമ്മദ് യൂസുഫ് സാഹിബിന്റെ ബഹുമാനാർഥം മതകാര്യവകുപ്പ് സംഘടിപ്പിച്ച ഒരു പൊതുയോഗത്തിൽ മൗലാനാ അബ്ദുൽ അസീസ് സാഹിബിന്റെ ഉർദു പ്രസംഗം അറബിയിലേക്ക് മൊഴിമാറ്റം നടത്താനുള്ള ചുമതല ഈയുള്ളവനെയാണേൽപിച്ചിരുന്നത്. മൗലാന ആവേശപൂർണമായ ഒരു ചെറു പ്രസംഗം നടത്തി. സദസ്സിന്റെ ആവേശം ശ്രദ്ധിച്ച ശൈഖ് അബ്ദുൽ മുഇസ്സ് അറബിപരിഭാഷ അക്ഷമനായി കാത്തിരിക്കുകയായിരുന്നു. വിവർത്തനം കഴിഞ്ഞപ്പോൾ അദ്ദേഹം ആവേശത്തിൽ ഉറക്കെ പറഞ്ഞു: 'അറബികളേക്കാൾ സ്ഫുടതയുള്ള ഒരനറബി.' അബുൽ ജലാൽ മൗലവിയുടെ ശിഷ്യന്മാർ അത്രയും പ്രിയങ്കരരായിരുന്നു അവർക്ക്.

ഔദ്യോഗിക അതിഥിയായി താമസിക്കാൻ ഹോട്ടലും സഞ്ചരിക്കാൻ സർക്കാർ വാഹനവും ഏർപ്പാട് ചെയ്തത് മൗലവി വിനയപുരസ്സരം നിരാകരിച്ചു. വിനീതനായ ആ പണ്ഡിത ശ്രേഷ്ഠൻ മലയാളികൾ താമസിക്കുന്ന ഒരു ഫ്ളാറ്റിൽ ഒതുങ്ങിക്കൂടി. വിദ്യാഭ്യാസ മന്ത്രാലയത്തിലേക്ക് നടന്നു പോയി. ഇസ്‌ലാമിക സ്ഥാപനങ്ങളെ പ്രതിനിധീകരിച്ച് ഖത്തറിൽ വരുന്ന പണ്ഡിതന്മാരിൽനിന്ന് വ്യത്യസ്തനായിരുന്നു അദ്ദേഹം. പഠിച്ചതുപോലെ പ്രവർത്തിക്കുന്ന വിനീതനായ പണ്ഡിതനാണ് അദ്ദേഹമെന്ന് ശൈഖ് അബ്ദുൽ മുഇസ്സ് പലതവണ ആവർത്തിച്ചുപറഞ്ഞു. മൗലവിയുടെ വ്യക്തിത്വം അദ്ദേഹത്തെ എത്ര ആഴത്തിൽ സ്വാധീനിച്ചു എന്ന് പറയാൻ പ്രയാസം. കേരളത്തിൽ നിന്നെത്തുന്ന പ്രസ്ഥാന നേതാക്കളെയെല്ലാം ഇതേ കാഴ്ചപ്പാടിൽ അദ്ദേഹം വിലയിരുത്തി. അബുൽ ജലാലിൽനിന്ന് തുടങ്ങി എല്ലാവരെക്കുറിച്ചും പേരെടുത്ത് ചോദിക്കുക പതിവാണ്. നാടുവിട്ടതോടെ പ്രസ്ഥാനബന്ധം കത്തുകളിൽ ഒതുക്കിയ ശിഷ്യന്മാരെയും ആവേശമുള്ള മറ്റു ചില സഹോദരന്മാരെയും സമ്മേളിപ്പിച്ച് ഒരു ചെറിയ കൂട്ടായ്മക്ക് മൗലവി രൂപം നൽകി. ഒരു ഖുർആൻ പഠന ക്ലാസ്സായി ആരംഭിച്ച പ്രസ്തുത കൂട്ടായ്മയാണ് പിൽക്കാലത്ത് മൗലവിയുടെ ശിഷ്യന്മാരുടെ നേതൃത്വത്തിൽ 'ഇന്ത്യൻ ഇസ്‌ലാമിക് അസോസിയേഷൻ' എന്ന വടവൃക്ഷമായി ഖത്തറിൽ തഴച്ചുവളർന്നത്.

അബുൽ ജലാൽ മൗലവി ഖത്തർ സന്ദർശിച്ചപ്പോഴെല്ലാം നിസ്സീമമായ സ്നേഹാദരവോടെയാണ് അറബിപണ്ഡിതന്മാർ അദ്ദേഹത്തെ സ്വീകരിച്ചത്. ഞങ്ങൾ ഗുരുനാഥൻ എന്നു പരിചയപ്പെടുത്തുമ്പോൾ അദ്ദേഹം 'അബുൽ ജലാൽ' (പ്രതാപത്തിന്റെ ഉടമ)തന്നെയെന്ന് അവർ പ്രതികരിച്ചു. ക്ലേശഭൂയിഷ്ഠമായ ആദ്യ സന്ദർശനത്തിൽനിന്ന് വ്യത്യസ്തമായി, എല്ലാ സൗകര്യങ്ങളും ഒരുക്കി ഗുരുനാഥനെ സ്വീകരിക്കാനും ദൗത്യനിർവഹണത്തിൽ സഹായിക്കാനും ശിഷ്യന്മാർ അന്യോന്യം മത്സരിക്കുകയായിരുന്നു.

ഗൾഫിലെ പണ്ഡിതന്മാരുമായുള്ള ബന്ധം കത്തിടപാടിലൂടെ സുദൃഢമാക്കാൻ മൗലവി പ്രത്യേകം ശ്രദ്ധിച്ചിരുന്നു. അതിനാൽ ശാന്തപുരത്തുനിന്ന് മേരിക്കുന്നിലേക്കും പിന്നീട് തിരൂർക്കാട് ഇലാഹിയാ കോളേജിലേക്കും മാറിയപ്പോഴെല്ലാം ആ ബന്ധങ്ങൾ വളരെയേറെ പ്രയോജനകരമായി. തിരക്കു പിടിച്ച ലീവിനിടയിൽ മൗലവിയെ കാണാൻ സമയമുണ്ടാക്കി ഇലാഹിയാ കോളേജിലെത്തുമ്പോൾ അദ്ദേഹം നൽകിയ ഉപദേശങ്ങൾ വീണ്ടും വീണ്ടും സന്ദർശിക്കാനുള്ള മോഹം വളർത്തി. വിദ്യാഭ്യാസപരവും വൈജ്ഞാനികവുമായ മേഖലകളിൽ ഒതുങ്ങിനിന്നില്ല മൗലവിയുടെ ഉപദേശങ്ങൾ. വരുമാനം എങ്ങനെ പ്രയോജനകരമാക്കണമെന്ന നിർദേശങ്ങളും അദ്ദേഹം നൽകി. വ്യക്തിപരമായ പ്രശ്നങ്ങളിൽ വിദഗ്ധമായ പരിഹാരങ്ങൾ നിർദേശിച്ചു. അവയെല്ലാം എന്നും വിലപ്പെട്ടവയായി അനുഭവപ്പെട്ടു.

### അൻസ്വാർ – ആരംഭം, വളർച്ച

ആദ്യമായി ഖത്തറിൽ കപ്പലിറങ്ങുമ്പോൾ ഞങ്ങളെ സ്വീകരിക്കാനെത്തിയവരിൽ ഒരാളായിരുന്നു എ.വി അബ്ദുൽ മജീദ് സാഹിബ്. അദ്ദേഹത്തിന് എന്നെ പരിചയപ്പെടുത്തിക്കൊണ്ടൊരു കത്ത് പരേതനായ എൻ.ടി അബ്ദുൽ ഖാദിർ സാഹിബ് കോഴിക്കോട്ടുനിന്ന് തന്നിരുന്നു. ഈ കത്തിലൂടെയും പ്രസ്ഥാനബന്ധത്തിലൂടെയും അന്യോന്യം അടുത്തറിഞ്ഞ ഞങ്ങൾ ആത്മമിത്രങ്ങളായി മാറാൻ ഏറെ നാൾ വേണ്ടിവന്നില്ല. ഒരു നല്ല വാച്ച്മേക്കറായി അബ്ദുൽ മജീദ് സാഹിബ് പ്രസിദ്ധി നേടിയിരുന്നു. അദ്ദേഹത്തിൽ അറിയപ്പെടാത്ത ഒരു പണ്ഡിതനും ചിന്തകനും ഒളിഞ്ഞിരുന്നു. ഞങ്ങളന്യോന്യം കണ്ടുമുട്ടുമ്പോൾ ഒരു വൈജ്ഞാനിക ചർച്ചക്ക് അദ്ദേഹം തുടക്കമിടും. അദ്ദേഹത്തിന്റെ കാഴ്ചപ്പാട് ശക്തിയായി സമർഥിക്കും. തികഞ്ഞ ആത്മവിശ്വാസത്തിൽ രൂപപ്പെടുത്തിയ ആ കാഴ്ചപ്പാടുകൾ ബോധ്യം വരുന്ന തെളിവുകൾ ലഭിച്ചാൽ മാറ്റും. ഞങ്ങളുടെ ചർച്ചയിൽ അനുജൻ ശാഹുൽ ഹമീദും ഇടക്ക് പങ്കുചേരും.

ഈ വൈജ്ഞാനിക ചർച്ചകളിലൂടെ അബ്ദുൽ മജീദ് സാഹിബിന്റെ മനസ്സിൽ വിപ്ലവകരമായ ഒരാശയം നാമ്പെടുത്തു. കേരളത്തിൽ ഒരുന്നത വൈജ്ഞാനിക കേന്ദ്രം സ്ഥാപിക്കണം. അതിന് എന്റെ സഹായസഹകരണം ഉറപ്പുവരുത്താൻ അദ്ദേഹം ചർച്ചയിൽ പ്രത്യേകം ശ്രദ്ധിച്ചു. ആ വർഷം നാട്ടിൽ പോയി വന്നപ്പോൾ ഒരു സന്തോഷവാർത്തയാണ് എനിക്ക് നൽകിയത്. തന്റെ സഹധർമിണിയുടെ പേരിലുള്ള നാല് ഏക്കറിലധികം വരുന്ന ഭൂമി വഖ്ഫ് ചെയ്ത് ഒരു ട്രസ്റ്റിന് പ്രാഥമിക രൂപം നൽകിയിരിക്കുന്നു. താമസിയാതെ ഭാവനയിലുള്ള വൈജ്ഞാനിക കേന്ദ്രത്തിന്റെ പ്രവർത്തനമാരംഭിക്കണം. ട്രസ്റ്റിന്റെ നേതൃത്വം വന്ദ്യഗുരു അബുൽ ജലാൽ മൗലവിയെ ഏൽപിക്കണം. വിദ്യാഭ്യാസരംഗത്ത് അദ്ദേഹത്തിന്റെ അവഗാഹവും വീക്ഷണവും പ്രയോജനപ്പെടുത്തണം. അന്ന് അറിയപ്പെടുന്ന ജമാഅത്ത് നേതാക്കളിൽ ഓർമയിൽ വന്ന വ്യക്തിത്വങ്ങളെ ട്രസ്റ്റിൽ ഉൾപ്പെടുത്തി. പെരുമ്പിലാവിലും പരിസരത്തുമുള്ള പ്രഗത്ഭരായ വ്യക്തിത്വങ്ങളെ നേരിൽ പരിചയപ്പെട്ട് അവരെയും ട്രസ്റ്റ് അംഗങ്ങളാക്കി. 'അൻസ്വാരി ചാരിറ്റബ്ൾ ട്രസ്റ്റ്' എന്ന് നാമകരണം ചെയ്തു. ശൈഖ് അബ്ദുൽ മുഇസ്സിന്റെ നിർദേശപ്രകാരം 'അൻസ്വാരി' എന്നത് 'അൻസ്വാർ' എന്നാക്കാൻ തീരുമാനിച്ചു.

അല്ലാഹുവിന്റെ അനുഗ്രഹം കൊണ്ട് ട്രസ്റ്റിന്റെ ആസ്തിയും പ്രവർത്തനവും വിപുലമായി. പല തവണയായി പെരുമ്പിലാവിന്റെ ഹൃദയഭാഗത്ത് ഇപ്പോഴുള്ള കാമ്പസിന്റെ സ്ഥലം വാങ്ങി. പ്രധാനമായും അബ്ദുൽ മജീദ് സാഹിബിന്റെ വ്യക്തിപരമായ പരിശ്രമം തന്നെയായിരുന്നു ഈ വളർച്ചക്കു പിന്നിൽ. അൻസ്വാറിന്റെ ചെയർമാനായി അബുൽ ജലാൽ മൗലവി ചാർജെടുത്തു. അദ്ദേഹത്തിന്റെ താമസം മണ്ണാർക്കാട്ടുനിന്ന് പെരുമ്പിലാവിലേക്ക് മാറ്റി. അബ്ദുൽ മജീദ് സാഹിബ് വാങ്ങിയ സ്ഥലം പകുതി മൗലവിക്ക് വിൽക്കുകയായിരുന്നു. അതോടെ ആ രണ്ട് ശിൽപികളും അയൽവാസികളായി. മൗലവി പെരുമ്പിലാവിലേക്ക് തന്റെ അയൽക്കാരനായി മാറിയതിൽ അബ്ദുൽ മജീദ് സാഹിബ് പ്രകടിപ്പിച്ച സന്തോഷം അവർണനീയമായിരുന്നു.

വൈജ്ഞാനിക കേന്ദ്രത്തിന്റെ തുടക്കം ചെറുപ്പം മുതൽ വിദ്യാർഥികളെ വളർത്തിയെടുത്താവാം എന്ന അടിസ്ഥാനത്തിൽ ഒരു ഇംഗ്ലീഷ് മീഡിയം സ്കൂൾ ആരംഭിച്ചു. മതവിദ്യാഭ്യാസ രംഗത്ത് മാത്രം അറിയപ്പെട്ടിരുന്ന അബുൽ ജലാൽ മൗലവി സ്കൂൾ വിദ്യാഭ്യാസത്തിന് നേതൃത്വം നൽകാൻ അസാധാരണമായ പാടവമാണ് പ്രദർശിപ്പിച്ചത്. സ്കൂൾ വളർന്നു. അധികസമയവും മൗലവി ഓഫീസിൽ കഴിച്ചുകൂട്ടി.

എന്നാൽ തന്റെ അസാന്നിധ്യം മണ്ണാർക്കാടിന്റെ മതമേഖലയെ തളർത്താനിടയാവരുതെന്ന് മൗലവിക്ക് നിഷ്കർഷയുണ്ടായിരുന്നു. അതിനാൽ അദ്ദേഹം സ്ഥാപിച്ച ഇർശാദ് കോളേജിന്റെ വളർച്ചക്കും വികാസത്തിനും ആവശ്യമായ കാര്യങ്ങൾ ചെയ്യാനും ചെയ്യിക്കാനും അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചു.

### അൻസ്വാർ പുരോഗതിയിലേക്ക്

അൻസ്വാറിൽ ലഭ്യമായ സൗകര്യങ്ങൾ അതിവേഗം വർധിപ്പിച്ചെടുക്കാനും സ്ത്രീവിദ്യാഭ്യാസ മേഖലയിൽ പ്രത്യേകം ശ്രദ്ധപതിപ്പിക്കാനും മൗലവി നിർദേശിച്ചു. ഓപ്പൺ സ്കൂൾ, കമ്പ്യൂട്ടർ കോഴ്സുകൾ, വനിതാ കോളേജ്, വനിതാ ട്രെയ്നിംഗ് കോളേജ് തുടങ്ങിയ ശാഖകൾ ചുരുങ്ങിയ കാലയളവിൽ സ്ഥാപിതമായി. വിശ്രമമെന്തെന്നറിയാത്ത മൗലവിയുടെ മനസ്സ് ആതുരസേവനരംഗത്തേക്ക് പ്രസരിച്ചു. പ്രശസ്ത സേവനമനുഷ്ഠിക്കുന്ന അൻസ്വാർ ഹോസ്പിറ്റൽ, മനോരോഗ ചികിത്സാലയം, നഴ്സിംഗ് സ്കൂൾ, ബുദ്ധിവൈകല്യമുള്ളവർക്കുള്ള സ്പെഷ്യൽ സ്കൂൾ എന്നിവ സ്ഥാപിക്കാൻ മൗലവിയുടെയും പ്രഫ. സൈക്കോ മുഹമ്മദ് സാഹിബിന്റെയും വിലപ്പെട്ട ചിന്തകൾ സഹായകമായി. ഇന്ന് ഇവയെല്ലാം ശ്ലാഘനീയമായി പ്രവർത്തിക്കുന്നുവെന്നത് ഏറെ സന്തോഷകരമാണ്.

### അശരണർക്ക് അവലംബം

ഏറെ ഉദാരനായിരുന്നു മൗലവി. അദ്ദേഹത്തിന്റെ മുമ്പിലെത്തിയ സങ്കടം പ്രത്യേക പരിഗണന ലഭിക്കാതെ പോയിട്ടില്ല. ഈ മഹാമനസ്കത സ്ഥാപനങ്ങളിലെ ചിലർ ചൂഷണം ചെയ്തിരുന്നെങ്കിലും മൗലവിക്കതിൽ ഒരാക്ഷേപവുമുണ്ടായിരുന്നില്ല. ജീവനക്കാർക്കെന്നും താങ്ങും തണലുമായിരുന്നു അദ്ദേഹം. കൂടുതൽ പ്രയാസപ്പെടുന്നവരെ ഗൾഫിലേക്ക് പോകാൻ പോലും മൗലവി സഹായിച്ചിട്ടുണ്ട്. പാർക്കിൻസൺസിന്റെ പിടിയിലമർന്ന് ശരീരം ഇംഗിതത്തിനൊത്ത് ചലിക്കാത്ത അവസ്ഥയിൽ പോലും ഈ ഔദാര്യത്തിന് ഒട്ടും ലോഭമുണ്ടായിരുന്നില്ല. ആ മനസ്സ് മറ്റുള്ളവർക്കു വേണ്ടി നോവുകയും അവരുടെ പ്രശ്നപരിഹാരത്തിന് വേവുകയും ചെയ്തുകൊണ്ടേയിരുന്നു.

### ഒരു പ്രധാന വസ്വിയ്യത്ത്

2005-ൽ ഒരു സന്ദർശനവേളയിൽ അബുൽ ജലാൽ മൗലവി മനസ്സു തുറന്നു. ആരോടും പറയാത്ത ചില ദുഃഖങ്ങൾ! അൻസ്വാറിന്റെ സന്തതികൾക്ക് ആത്മീയവും ധാർമികവുമായ ശിക്ഷണങ്ങൾ നൽകുന്നതിൽ നാം വേണ്ടത്ര വിജയിച്ചിട്ടില്ല. അതിനുള്ള ശ്രമങ്ങൾ പരമാവധി നടത്താൻ നിർദേശിച്ചു. പാഠ്യപദ്ധതിയിൽ രൂപം നൽകിയ ബോധവത്കരണം പ്രാവർത്തികമാക്കാൻ പ്രാപ്തരായ മതപണ്ഡിതന്മാരെ കണ്ടെത്തി പ്രശ്നം ആവുന്നത്ര ലഘൂകരിക്കാൻ ആവശ്യപ്പെട്ടു.

അതിനേക്കാൾ പ്രധാനമായി മറ്റൊരു കാര്യം ഊന്നിപ്പറഞ്ഞു: "നിലവിലുള്ള ഖുർആൻ പഠനകേന്ദ്രം അന്താരാഷ്ട്ര നിലവാരമുള്ള ഒരു 'ഖുർആൻ കലാലയ'മാക്കി ഉയർത്തണം. മദീന മുനവ്വറയിലെ 'കുല്ലിയത്തുൽ ഖുർആൻ' മാതൃകയാക്കാവുന്നതാണ്. ഈ ഉത്തരവാദിത്വം സലീം ഏറ്റെടുക്കണം." ഇത്രയും പറഞ്ഞുകഴിഞ്ഞപ്പോൾ മനസ്സിൽനിന്ന് ഒരു ഭാരം ഇറക്കിവെച്ച പ്രതീതിയായിരുന്നു ആ മുഖത്ത്. മൗലവിയുടെ വികാരം മാനിച്ച് ഞാൻ സമ്മതിച്ചു, ഇൻ ശാഅല്ലാഹ്. വന്ദ്യ ഗുരു ഏൽപിച്ച കാര്യങ്ങൾ പ്രയാസകരമാണെങ്കിലും പ്രാവർത്തികമാക്കാൻ അല്ലാഹുവിന്റെ സഹായം ലഭിക്കാറുണ്ട്.

ഒരു വലിയ സ്കൂളിലും അനുബന്ധ കോളേജുകളിലും ഒതുങ്ങി നിൽക്കാതെ അൻസ്വാർ ഒരുന്നത ആത്മീയ കലാലയമായി പരിലസിക്കാൻ സർവശക്തനായ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. അബുൽ ജലാൽ മൗലവി ഒരു സുമനസ്സിനു കൊടുത്ത വാക്ക് പാലിക്കാൻ തുടക്കം കുറിച്ച ഖുർആൻ പഠന കേന്ദ്രം വളർന്നു വികസിച്ച് കേരള മുസ്ലിംകൾക്ക് അഭിമാനമായ ഒരു വിജ്ഞാനകേന്ദ്രമായി പരിണമിക്കട്ടെ.

പരമകാരുണികനായ നാഥാ, ഞങ്ങളുടെ പ്രിയപ്പെട്ട ഗുരുനാഥനെ നീ അനുഗ്രഹിക്കേണമേ! അദ്ദേഹത്തിന്റെ പാപങ്ങൾ പൊറുക്കേണമേ! അദ്ദേഹത്തെയും ഞങ്ങളെയും നിന്റെ ദിവ്യ പറുദീസയിൽ ഒരുമിച്ചുകൂട്ടേണമേ- ആമീൻ. ■